# ഭരണഭാഷ - മാതൃഭാഷ

നമ്പർ. ED2/25871/19/ഡി.ടി.ഇ

സാങ്കേതിക വിദ്യാഭ്യാസ ഡയറക്ടറേറ്റ്
തിരുവനന്തപുരം

തീയതി: 22.01.2020

**<u>സർക്കുലർ നമ്പർ.04/2020</u>**

വിഷയം:- സാങ്കേതികം - വിദ്യാഭ്യാസം - ജീവനക്കാര്യം (ഡി) വിഭാഗം-വകുപ്പിന് കീഴിലെ പാർട്ട് ടൈം സ്വീപ്പർ/സാനിട്ടറി വർക്കർ തസ്തികകളിലെ ഒഴിവുകളിലേക്ക് നിയമനം നടത്തുന്നത്-സംബന്ധിച്ച്:-

സൂചന :- 1.സർക്കാർ സർക്കുലർ നം.83/2019/ധന.തീയതി.05.10.2019.
2.സർക്കാർ സർക്കുലർ നം.84/2019/ധന.തീയതി.05.10.2019.
3.ഈ കാര്യാലയത്തിൽ നിന്നുള്ള 04.11.2019-ലെ ഇതേ നം.ഉത്തരവ്.
4.ഈ കാര്യാലയത്തിൽ നിന്നുള്ള 14.11.2019-ലെ ഇതേ നം.സർക്കുലർ.
5.സർക്കാർ സർക്കുലർ നം.95/2019/ധന.തീയതി.04.12.2019.
6.സർക്കാർ ഉത്തരവ് (ആർ.ടി) നം.1013/2018/എച്ച്.ഇ.ഡി.എൻ തീയതി.25.05.2018.

സാങ്കേതിക വിദ്യാഭ്യാസ വകുപ്പിന് കീഴിൽ, സൂചന (3) ഉത്തരവിന്റെ അടിസ്ഥാനത്തിൽ നിലവിൽ വന്നതും,മറ്റ് രീതിയിൽ വന്നതുമായ പാർട്ട് ടൈം സ്വീപ്പർ / സാനിട്ടറി വർക്കർ തുടങ്ങിയ പാർട്ട് ടൈം തസ്തികകളിലെ ഒഴിവുകളിലേക്ക്, സ്ഥാപന മേധാവികൾ അതാത് എംപ്ലോയ്മെൻറ് എക്സ്ചേഞ്ചുമായി ബന്ധപ്പെട്ട് കേരള പാർട്ട് ടൈം സർവ്വീസ് റൂൾസ് (iii) പ്രകാരം നേരിട്ട് സ്ഥിര നിയമനം നടത്തേണ്ടതാണെന്നും, പ്രസ്തുത രീതിയിലുള്ള നിയമനങ്ങൾക്ക് കാലതാമസം നേരിടേണ്ടി വന്നാൽ, സൂചന (1) സർക്കുലറിലെ നിബന്ധനകൾക്കും, സൂചന (2) സർക്കുലറിലെ നിർദ്ദേശങ്ങൾക്കനുസൃതമായി 'കുടുംബശ്രീ' വഴി കരാർ വ്യവസ്ഥയിൽ നിയമിക്കാവുന്നതും, എംപ്ലോയ്മെൻറ് എക്സ്ചേഞ്ച് വഴിയുള്ള സ്ഥിര നിയമനം നടക്കുന്ന മുറക്ക് ടി കരാർ നിയമനം റദ്ദാക്കേണ്ടതുമാണെന്ന് സൂചന (4) പ്രകാരം നിർദ്ദേശം നൽകിയിരുന്നു.എന്നാൽ സൂചന (2) സർക്കുലർ, സൂചന (5) പ്രകാരം ഉടൻ പ്രാബല്യത്തിൽ, സർക്കാർ റദ്ദ് ചെയ്തിട്ടുള്ളതിനാൽ എംപ്ലോയ്മെൻറ് എക്സ്ചേഞ്ച് വഴിയുള്ള സ്ഥിര നിയമനം നടക്കുന്നതു വരെയോ,179 ദിവസം പൂർത്തിയാകുന്നത് വരെയോ ഏതാണ് ആദ്യം സംഭവിക്കുന്നത് അത് വരേക്ക് സൂചന (6) സർക്കാർ ഉത്തരവനുസരിച്ച് കരാർ വ്യവസ്ഥയിൽ നിയമനം നടത്താവുന്നതാണ്.(നിലവിൽ കുടുംബശ്രീ വഴി നടത്തിയ നിയമനങ്ങൾക്ക് ബാധകമല്ല).

പ്രസ്തുത നിയമന വിവരങ്ങൾ എല്ലാം ഈ കാര്യാലയത്തെ യഥാസമയം അറിയിക്കേണ്ടതുമാണ്.

ഡോ. കെ.പി ഇന്ദിരാദേവി
ഡയറക്ടർ (ഇൻ ചാർജ്)

സ്വീകർത്താവ്
എല്ലാ സ്ഥാപന മേധാവികൾക്കും,
ഔദ്യോഗിക വെബ്സൈറ്റ് വഴി.

ഉത്തരവിൻ പ്രകാരം

സീനിയർ സൂപ്രണ്ട്

Draft #13 of File ED2/25871/19/DTE Approved by Director (in-charge) on 22-Jan-2020 07:47 PM - Page 1

**കേരള സർക്കാർ**

സംഗ്രഹം

ഉന്നത വിദ്യാഭ്യാസം - സാങ്കേതികം - സാങ്കേതിക വിദ്യാഭ്യാസ വകുപ്പിന് കീഴിലുള്ള വിവിധ കോളേജുകളിലും ഹോസ്റ്റലുകളിലും കുടുംബശ്രീ യൂണിറ്റുകളുടെ താൽക്കാലിക സേവനം പ്രയോജനപ്പെടുത്തുന്നതിനു അനുമതി നല്കി ഉത്തരവാകുന്നു.

---

**ഉന്നതവിദ്യാഭ്യാസ (എൽ) വകുപ്പ്**

ജി.ഒ.(ആർറ്റി.)നം. 1013/2018/ഉവിവ    തീയതി, തിരുവനന്തപുരം, 25/05/2018.

---

പരാമർശം: സാങ്കേതിക വിദ്യാഭ്യാസ ഡയറക്ടറുടെ 23.10.2017 ലെ സി6/10114/17/ഡി.ടി.ഇ നമ്പർ കത്ത്.

**ഉത്തരവ്**

സാങ്കേതിക വിദ്യാഭ്യാസ വകുപ്പിന് കീഴിലുള്ള വിവിധ കോളേജുകളിലും അതിനോടനുബന്ധിച്ചുള്ള ഹോസ്റ്റലുകളിലും ക്ലീനിംഗ്, കുക്കിംഗ്, സാനിട്ടേഷൻ വർക്കർ തുടങ്ങിയ വിഭാഗങ്ങളിലുള്ള അനദ്ധ്യാപക ജീവനക്കാരുടെ അഭാവം കോളേജുകളുടെയും ഹോസ്റ്റലുകളുടെയും സുഗമമായ പ്രവർത്തനത്തിന് തടസ്സം സൃഷ്ടിക്കുന്നതും വിദ്യാർത്ഥികൾക്ക് ബുദ്ധിമുട്ടുണ്ടാക്കുന്നതുമായ സാഹചര്യം പരിഗണിച്ച് സ്ഥിരം തസ്തികകൾ സൃഷ്ടിക്കുന്നതുവരെ ഹൗസ് കീപ്പിംഗ്, കുക്കിംഗ്, സെക്യൂരിറ്റി, ക്ലീനിംഗ് തുടങ്ങിയ ജോലികൾ ചെയ്യുന്നതിന് വകുപ്പിനു കീഴിലുള്ള കോളേജുകളിൽ കുടുംബശ്രീ യൂണിറ്റുകളുടെ താൽക്കാലിക സേവനം പ്രയോജനപ്പെടുത്തുന്നതിനു പ്രിൻസിപ്പൽമാർ കുടുംബശ്രീ ജില്ലാ മിഷൻ കോഡിനേറ്ററുമായി ധാരണാപത്രം ഒപ്പു വയ്ക്കാൻ അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു. ധാരണാ പത്രത്തിന്റെ മാതൃക അനുബന്ധമായി ചേർത്തിട്ടുണ്ട്.

(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം)
**തരുൺലാൽ.എസ്.**
**ഡെപ്യൂട്ടി സെക്രട്ടറി**

സാങ്കേതിക വിദ്യാഭ്യാസ ഡയറക്ടർ, തിരുവനന്തപുരം.
എല്ലാ പോളിടെക്നിക് കോളേജ് പ്രിൻസിപ്പൽമാർക്കും (സാങ്കേതിക വിദ്യാഭ്യാസ ഡയറക്ടർ മുഖേന)
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ്), കേരള, തിരുവനന്തപുരം.
അക്കൗണ്ടന്റ് ജനറൽ (എ&ഇ), കേരളം, കോട്ടയം.
ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് വകുപ്പ് (വെബ് & ന്യൂ മീഡിയ).
സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ